# ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് കൊടുവള്ളി

### മാസാന്ത്യ വാർത്താപത്രിക

ഒക്ടോബർ 2025

ചീഫ് എഡിറ്റർ :ലിയ ഫാത്തിമ | എഡിറ്റർ : ഫാത്തിമ നിദ | സ്റ്റാഫ് എഡിറ്റർ റീഷ പി

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ക്യാമ്പ് ഫെയ്സ് 2



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ 2024 - 27 ബാച്ചിന്റെ യൂണിറ്റ് തല ക്യാമ്പ് സംഘടിപ്പിച്ചു കുന്നമംഗലം സബ് ജില്ലാ മാസ്റ്റർ ട്രെയിനർ അഷ്‌റഫ് സർ ക്ലാസുകൾ കൈകാര്യം ചെയ്തു . സ്കൂൾ പ്രധാന അധ്യാപകൻ മുസ്തഫ സാർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ കെ ഫിർദൗസ് ബാനു, പി റീഷ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. സ്ക്രാച്ച് പ്രോഗ്രാമിംഗ് ,ആനിമേഷൻ എന്നീ പ്രവർത്തനങ്ങളാണ് ക്യാമ്പിൽ നടന്നത്. ഓപ്പൺ ടൂൺസ്, കേഡൻ ലൈവ്, സ്ക്രാച്ച് എന്നീ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചാണ് കുട്ടികൾ പ്രവർത്തനങ്ങൾ നടത്തിയത്. ക്യാമ്പിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ച വിദ്യാർത്ഥികളിൽ നിന്നും സബ് ജില്ലാ ക്യാമ്പിലേക്ക് നാല് കുട്ടികളെ പ്രോഗ്രാമിംഗ് വിഭാഗത്തിലും നാല് കുട്ടികളെ ആനിമേഷൻ വിഭാഗത്തിലും തിരഞ്ഞെടുത്തു.2024 -27 ബാച്ചിലെ 39 കുട്ടികളും ക്യാമ്പിൽ പങ്കെടുത്തു.

## ഗാന്ധിജയന്തി

കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻ ഡറി സ്കൂളിൽ ഗാന്ധിജയന്തി വിവിധ പരിപാടികളോടെ ആ ഘോഷിച്ചു. എസ്പിസി, ജെ ആർ സി ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂളും പരിസരവും ശുചീകരിച്ചു. എസ് പി സി ചാർജ് വഹിക്കുന്ന അധ്യാപകരായ കെ സലീന, അബൂബക്കർ സി ടി, ജെ ആർ സി കൗൺസിലർമാരായ അബ്ദുൽ റഹ്മാൻ, അശ്വതി, റസിയ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## മേളകൾ

കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻ ഡറി സ്കൂളിൽ സ്കൂൾതല ശാസ്ത്ര സാമൂഹ്യശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തി പരിചയ ഐടി മേളയി ൽ വിവിധ പരിപാടികളിൽ പങ്കെടുത്ത മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികൾ സബ്ജില്ലാ തല മേളകളിൽ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും ചെയ്തു. മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാർത്ഥികൾ ജില്ലാ മേളകളിൽ പങ്കെടുത്തു. ഓരോ ക്ലബ്ബ് കൺവീനർമാരുടെ നേതൃത്വത്തിൽ മികച്ച പരിശീലനത്തോടെ കുട്ടികൾക്ക് മേളകളിൽ നല്ല രീതിയിൽ പ്രകടനം നടത്താൻ സാധിച്ചു. മികച്ച പ്രകടനം കാഴ്ചവെച്ച എല്ലാ വിദ്യാർത്ഥികളെയും അനുമോദിച്ചു

## അനുമോദനം

കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻ ഡറി സ്കൂളിൽ പാദവാർഷിക പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ 8, 9, 10 ക്ലാസുകളിലെ വിദ്യാർത്ഥികളെ അനുമോദിച്ചു. ഓരോ ക്ലാസിലെയും മികച്ച വിജയം നേടിയ 10 വിദ്യാർത്ഥികളെ വിജോത്സവം ക്ലബ്ബിന്റെ നേതൃത്വത്തിൽ അനുമോദിച്ചു. ഹൈസ്കൂൾ പ്രധാന അധ്യാപകൻ മുസ്തഫ സാർ സീനിയർ അസിസ്റ്റന്റ് അഷ്‌റഫ് സാർ എസ് ആർ ജി കൺവീനർ ബഷീർ സാർ സ്റ്റാഫ് സെക്രട്ടറി സുബൈദ ,8, 9, 10 ക്ലാസുകളിലെ അധ്യാപകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



## ദിനാചരണം

കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻ ഡറി സ്കൂളിൽ കൈകഴുകൽ ദിനാചരണത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കൈകൾ കഴുകലിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള പോസ്റ്ററുകളും ലഘുരേഖകളും തയ്യാറാക്കി പ്രദർശിപ്പിച്ചു. സ്കൂളിൽ അസംബ്ലി ചേർന്ന് കുട്ടികൾക്ക് കൈകൾ കഴുകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നൽകി കൈ കഴുകുന്ന രീതി പ്രത്യേകം വിശദീകരിച്ചു . സ്കൂൾ പ്രധാ ന അധ്യാപകൻ മുഹമ്മദ് മുസ്തഫ സാർ ,യു പി വിഭാഗം സീനിയർ അധ്യാപിക നിഷ ടീച്ചർ ,ആതിര ടീച്ചർ എന്നിവർ പങ്കെടുത്തു.



## ദിനാചരണം



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ലോക ഭക്ഷ്യ ദിനാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. സ്കൂൾ വിദ്യാർത്ഥികൾ, അധ്യാപകർ ,പാചക തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി സ്പെഷ്യൽ അസംബ്ലി നടത്തി. ദിനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ചിത്രരചനയും ക്വിസ് മത്സരവും നടത്തി . ഓരോ വിഭാഗത്തിലും വിജയികളായ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി.

## ഒക്ടോബർ മാസത്തിലൂടെ

ഒക്ടോബർ 2
ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ വിദ്യാർത്ഥികൾ ഗാന്ധിജയന്തിയോടനുബന്ധിച്ച് പോസ്റ്ററുകളും വീഡിയോസും തയ്യാറാക്കി.

ഒക്ടോബർ 3 : ഹൈസ്കൂൾ എസ് ആർ ജി മീറ്റിംഗ് നടന്നു.

ഒക്ടോബർ 4
10 ,9,8 ക്ലാസുകളിലെ പാദ വാർഷിക പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ അനുമോദിച്ചു. ഒമ്പതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ക്ലാസ് നടന്നു. ഗാന്ധി ജയന്തിയോട് അനുബന്ധിച്ച് എസ് പി സി, ജെ ആർ സി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സ്കൂൾ പരിസരം വൃത്തിയാക്കി.

ഒക്ടോബർ 5 : ലോക അധ്യാപക ദിനം.

ഒക്ടോബർ 6
സ്കൂളിലെ അധ്യാപിക ഷൈജ ടീച്ചർ ഹൈസ്കൂളിലേക്ക് പ്രമോഷനായി. ശ്രദ്ധ ക്ലാസ്സുകൾ നടന്നു. സബ്ജില്ലാ വിദ്യാരംഗം കഥാരചന മത്സരത്തിൽ സ്കൂളിലെ ലജ്ജ ഒന്നാം സ്ഥാനം നേടി. ക്വിസ് മത്സര വിഭാഗത്തിൽ സ്കൂളിലെ നിഷ ടീച്ചർ വി ജയിച്ചു. എട്ടാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ക്കുള്ള ക്ലാസ് നടന്നു.

ഒക്ടോബർ 7
യുപി വിഭാഗം എസ് ആർ ജി മീറ്റിംഗ് നടന്നു. സബ്ജില്ലാ സി വി രാമൻ ഉപന്യാസ മത്സരത്തിൽ സ്കൂളിലെ ദക്ഷ രണ്ടാം സ്ഥാനം കരസ്ഥമാക്കി. വൈ ഐ പി സബ്ജില്ലാതലത്തിൽ സ്കൂളിലെ രണ്ടു വിദ്യാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടു. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കാണ് സെലക്ഷൻ ലഭിച്ചത്.

ഒക്ടോബർ 8
സബ്ജില്ലാ സ്പോർട്സിൽ കുട്ടികൾ വിവിധ ഇനങ്ങളിൽ പങ്കെടുത്ത് വിജയിച്ചു. അറബിക് അധ്യാപകനായി മൊയ്തീൻ ബാവ സാർ സ്കൂളിൽ ജോയിൻ ചെയ്തു.

ഒക്ടോബർ 9 : സ്റ്റാഫ് മീറ്റിംഗ് നടന്നു

ഒക്ടോബർ 10 : സ്കൂൾ പിടിഎ ജനറൽ ബോഡി നടന്നു.

ഒക്ടോബർ 11
സബ്ജില്ലാ സി എച്ച് പ്രതിഭാ ക്വിസ് മത്സരത്തിൽ മൂന്നാം സ്ഥാനം ലഭിച്ചു. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ റീൽ തയ്യാറാക്കി മത്സരത്തിൽ പങ്കെടുത്തു.

ഒക്ടോബർ 13 : സ്കൂളിൽ അസംബ്ലി നടന്നു.

ഒക്ടോബർ 14
സബ്ജില്ലാ ശാസ്ത്ര സാമൂഹ്യശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തി പരിചയ ഐടി മേളകൾ നടന്നു എല്ലാ വിഭാഗങ്ങളിലും കുട്ടികൾ മികച്ച പ്രകടനം കാഴ്ചവച്ചു.

ഒക്ടോബർ 17 : ലോക ഭക്ഷ്യ ദിനത്തോടനുബന്ധിച്ച് സ്കൂളിൽ വിവിധ പരി പാടികൾ നടന്നു.

ഒക്ടോബർ 18
അധ്യാപകർക്കുള്ള ക്ലസ്റ്റർ പരിശീലനം വിവിധ കേന്ദ്രങ്ങളിൽ

ഒക്ടോബർ 20
ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ ദീപാവലി പോസ്റ്ററുകളും വീഡിയോസും തയ്യാറാക്കി.

ഒക്ടോബർ 21
ജില്ലാ കായികമേളയിൽ മികച്ച പ്രകടനം കാഴ്ച വെച്ച് കുട്ടികൾ സംസ്ഥാന തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കുള്ള ക്ലാസുകൾ നടന്നു.

ഒക്ടോബർ 22
2024 –27 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള യൂണിറ്റ് ക്യാമ്പ് ഫെയ്സ് ടു നടന്നു. താമരശ്ശേരി സബ്ജില്ല അധ്യാപകർക്കും കൗൺസിലർമാർക്കും ഉള്ള പരിശീലന പരിപാടി നടന്നു.

ഒക്ടോബർ 23 : സ്കൂളിൽ ഡിഡിഇ വിസിറ്റ്.

ഒക്ടോബർ 24
തിങ്കളാഴ്ചത്തെ ടൈംടേബിൾ അനുസരിച്ച് സ്കൂളിൽ ക്ലാസ് നടന്നു .വിജയോത്സവം നേതൃത്വത്തിൽ പത്താം ക്ലാസിലെ കുട്ടികൾക്ക് പ്രത്യേക പരിശീലന പരിപാടി നടന്നു.

ഒക്ടോബർ 25
സബ്ജില്ലാ യുവജനോത്സവം വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് വേണ്ടി കുട്ടികൾ തയ്യാറെടുപ്പുകൾ ആരംഭിച്ചു.

ഒക്ടോബർ 27
സബ് ജില്ലയിലെ അവതരിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ സ്കൂൾ ഓഡിറ്റോറിയത്തിൽ അവതരിപ്പിച്ചു. രക്ഷിതാക്കൾക്കുള്ള മീറ്റിംഗ് നടന്നു . സ്റ്റാഫ് മീറ്റിംഗ് നടന്നു.

ഒക്ടോബർ 30
മാനിപുരം സ്കൂളിൽ വച്ച് നടക്കുന്ന സ്റ്റേജിതര മത്സരങ്ങളിൽ കുട്ടികൾ പങ്കെടുത്തു.



## 2025 ഒക്ടോബർ മാസത്തിലൂടെ............











































































